# ലോക കേരള സഭ – 2024

നാലാം ലോക കേരള സഭയ്ക്ക് അടുത്ത മാസം 13 മുതൽ 15 വരെ തിരുവനന്തപുരത്ത് തുടക്കമാകുകയാണ്. ജൂൺ 13 ആം തീയതി വൈകിട്ട് തിരുവനന്തപുരം നിശാഗന്ധിയിൽ നടക്കുന്ന പൊതുയോഗത്തോടെ നാലാമത് ലോക കേരള സഭാ സമ്മേളനത്തിന് തുടക്കം കുറിക്കും. കേരള നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ ജൂൺ 14 രാവിലെ ഔദ്യോഗിക ഉദ്ഘാടനത്തോടെ ആരംഭിക്കുന്ന പ്രതിനിധി സമ്മേളനം 15നും തുടരും.

103 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളുൾപ്പടെ 351 അംഗങ്ങളായിരിക്കും ലോക കേരള സഭയിൽ ഉണ്ടാവുക. നിലവിലെ നിയമസഭ അംഗങ്ങൾ, കേരളത്തിനെ പ്രതിനിധീകരിക്കുന്ന പാർലമെന്റ് അംഗങ്ങൾ, ഇന്ത്യൻ പൗരത്വമുള്ള പ്രവാസി കേരളീയർ, ഇന്ത്യക്ക് പുറത്തുള്ളവർ, ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഉള്ളവർ, തിരികെയെത്തിയ പ്രവാസികൾ, തങ്ങളുടെ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച പ്രവാസികൾ (Eminent), ഒ.സി.ഐ. കാർഡ് ഉടമകൾ (Invitees) എന്നിവർ ഇതിൽ ഉൾപ്പെടുന്നു.

ലോകത്തിന്റെ പല കോണുകളിലേയ്ക്ക് കുടിയേറി അവിടുത്തെ വ്യത്യസ്ത സാഹചര്യങ്ങളെ അതിജീവിച്ച് മലയാളികളെ ആകെ ഒരു ആഗോള ബ്രാൻഡായി രൂപപ്പെടുത്തിയത് നമ്മുടെ പ്രവാസികൾ ആണ്. ലോക കേരള സഭയിൽ അംഗമാവുക എന്നത് തങ്ങളുടെ മേഖലയിൽ വ്യക്തിമുദ്ര പതിച്ച പ്രവാസി മലയാളികൾക്കും അവരെ പ്രതിനിധാനം ചെയ്യുന്ന സംഘടനകൾക്കും പ്രവാസി തൊഴിലാളികൾക്കും ബഹുമാനസൂചകമായ നൽകുന്ന അംഗീകാരം ആണ്.

മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലും ലോകത്തിന്റെ നാനാഭാഗങ്ങളിലുള്ള പ്രവാസി കേരളീയരുടെ കൂട്ടായ്മയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും കേരളീയ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക വികസനത്തിനായി പ്രവാസികളെ സംസ്ഥാനവുമായി സമന്വയിപ്പിക്കുന്നതിനും ക്രിയാത്മകമായ നിർദേശങ്ങളും സംഭാവനകളും നൽകുന്നതിനും അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുമായി കേരളത്തിലെ ജനപ്രതിനിധികളോട് ഒപ്പമുള്ള ഒരു പൊതുവേദിയാണ് ലോക കേരള സഭ.

വിദേശത്തും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും ജീവിക്കുന്നവർക്കും, പ്രവാസജീവിതം അവസാനിപ്പിച്ച് നാട്ടിൽ തിരിച്ചെത്തിയ പ്രവാസി കേരളീയരിൽ നിന്നും ഓൺലൈൻ രജിസ്ട്രേഷൻ വഴി ലഭിച്ച അപേക്ഷകൾ സ്ക്രീനിംഗ് കമ്മിറ്റി പരിശോധിച്ച ശേഷമാണ് അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. ഓരോ ഭൂപ്രദേശങ്ങൾക്കും അർഹമായ പ്രാതിനിധ്യം ഉറപ്പാക്കിയാണ് സഭയിലേക്ക് അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുക.

ഓരോ സഭയും പ്രാദേശിക സമ്മേളനങ്ങളും കഴിയുംതോറും ലോക കേരള സഭ കൂടുതൽ പ്രവാസികളിലേക്ക് എത്തുന്നു എന്ന് വ്യക്തമായി പറയുവാനാവും. കഴിഞ്ഞ തവണത്തെ 63 ഇൽനിന്നും 100 ഇൽ കൂടുതൽ രാജ്യങ്ങൾ ഇത്തവണ പങ്കെടുക്കുന്നു. ഓരോ രാജ്യങ്ങളിൽ നിന്നുമുള്ള ലോക കേരള സഭാ അംഗങ്ങളുമായി കൂടുതൽ ആശയവിനിമയം നടത്തുവാനായി Members portal ഇത്തവണ മുതൽ തുടങ്ങും.

മറ്റു രാജ്യങ്ങളിൽ സ്ഥിരതാമസം ആക്കിയ പ്രവാസികളും നാടും തമ്മിലുള്ള ബന്ധം തലമുറകളോളം ദൃഢമായ നിലനിർത്താൻ ഇത്തരം ഒരു സ്ഥിരം സംവിധാനം ആവിശ്യമാണ്. എല്ലാ മേഖലയിലും ലോകമാകെനിന്നും നൈപുണ്യം നേടിയ ഈ മനുഷ്യരുടെ അനുഭവസമ്പത്ത് വേണ്ടവിധം ഉപയോഗിച്ചാൽ നാടിന്റെ വികസനത്തിൽ വലിയൊരു കാൽവെയ്പ്പാകും. ബിസിനസ്, അക്കാദമിക, സർവീസ് രംഗങ്ങളിൽ

ലോകോത്തര നിലവാരം നേടിയ പ്രവാസി മലയാളികൾ നമ്മുടെ യുവാക്കൾക്ക് ഗൈഡൻസ് കൊടുക്കുന്നത് സങ്കൽപ്പിച്ചുനോക്കൂ.

നാടിന്റെ വികസനത്തിൽ ഒരു പങ്ക് വഹിക്കുന്ന പ്രവാസികളെ ഭരണനിർവഹണത്തിനൊപ്പം ചേർത്തുനിർത്തുന്ന ജനാധിപത്യ പ്രക്രിയ ആണ് ലോക കേരള സഭ. ഓരോ രാജ്യങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ അവരുടെ ജീവിതാനുഭവം ഉൾകൊണ്ട് സഭയിൽ നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നു. ഇവയിൽ പ്രാവർത്തികമാക്കാനാവുന്ന നിർദ്ദേശങ്ങൾ ഗവൺമെന്റ് ഇടപെട്ടു നടപ്പിലാകുന്നു. ഇത് നിലവിലെ ജനാധിപത്യ വ്യവസ്ഥയെ കൂടുതൽ ശക്തിപകരും.

ഒരു സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാവാത്ത സമാനതകളില്ലാത്ത പ്രവാസ നയരൂപീകരണ പ്രക്രിയ ആണ് കേരള സർക്കാർ നടത്തുന്നത്. അതുകൊണ്ട് തന്നെ നമ്മുടെ ഈ മാതൃക പഠിക്കുവാനും പ്രാവർത്തികമാക്കുവാനും മറ്റു സംസ്ഥാനങ്ങൾ വരുന്നു.

നാലാം ലോക കേരള സഭയ്ക്ക് ജൂൺ 13 മുതൽ 15 വരെ തിരുവനന്തപുരത്ത് തുടക്കമാകാനിരിക്കെ, ഒന്നാം ലോക കേരള സഭ മുതൽ കേട്ടുവന്ന ധൂർത്തെന്ന വിമർശനം ഇത്തവണയും ഉയരുകയാണ്. കേരളത്തെ 'ദൈവത്തിന്റെ സ്വന്തം നാടാ'ക്കി നിലനിർത്തുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്ന പ്രവാസികളെ ഭരണനിർവഹണത്തിനൊപ്പം ചേർത്തുനിർത്തുന്ന ജനാധിപത്യ പ്രക്രിയ ആണ് ലോക കേരള സഭ. മഹത്തായ ഒരാശയത്തെ വളച്ചൊടിക്കാൻ ലക്ഷ്യമിട്ടുള്ള ഇത്തരം ആരോപണങ്ങൾ സാധാരണ പൗരരിലും പ്രവാസികളിലും ഉണ്ടാക്കുന്ന ആശയക്കുഴപ്പം ഒഴിവാക്കാൻ ചിലത് പറഞ്ഞേ മതിയാകൂ.

പ്രവാസികളും നാടും തമ്മിലുള്ള ദൃഢമായ ബന്ധം കൂടുതൽ ഊഷ്മളമാക്കുന്നിലൂടെ നവകേരള നിർമിതിയുടെ അടിത്തറ കൂടുതൽ ശക്തി പ്രാപിക്കുകയാണ് ചെയ്യുന്നത്. ലോക കേരള സഭ എന്താണെന്നും അത് മുന്നോട്ട് വെക്കുന്ന ആശയവ്യാപ്തിയെക്കുറിച്ചും മനസിലാക്കാതെയോ അതുമല്ലെങ്കിൽ ഭരണപക്ഷത്തെ എതിർക്കാനുള്ള വെറുമൊരു കാരണം മാത്രം ആയി സമീപിക്കുന്നവരാണ് വീണ്ടും വീണ്ടും ഈ അടിസ്ഥാനരഹിത ആരോപണങ്ങൾ നടത്തുന്നത്.

കേരള സമ്പദ്ഘടനയെ താങ്ങിനിർത്തുന്ന പ്രധാന അടിത്തൂണുകളിൽ ഒന്നായ പ്രവാസി സമൂഹത്തിന് ഒരു ആഗോള സംഗമ വേദി നടത്തുവാനായി എത്ര ചെലവഴിച്ചാലും അധികമല്ലെന്നിരിക്കെ, ഭാവി കേരള നിർമിതിക്ക് കൂടി ഉതകുന്ന അഭിപ്രായ രൂപീകരണ വേദിയെന്ന നിലയിൽ ലോക കേരള സഭയ്ക്കായി ചെലവഴിക്കുന്ന തുകയ്ക്ക് പ്രത്യേക പ്രധാന്യമുണ്ട്. സംസ്ഥാനത്തിന്റെ ഔപചാരിക അതിർത്തികൾക്കപ്പുറം പോയി നാടിന് അഭിവൃദ്ധിയേകുന്നവർക്ക് ഭരണനിർവഹണത്തിൽ പങ്കാളിത്തമില്ലാത്ത ദുരവസ്ഥയ്ക്ക് ഒരുപരിധി വരെ പരിഹാരം കാണുന്നതിനായി, സാധ്യമാകുന്നതിൽ ഏറ്റവും തുച്ഛമായ തുകയാണ് സർക്കാർ ചെലവാക്കുന്നതെന്ന് കണക്കുകൾ ചൂണ്ടിക്കാട്ടി നിസംശയം പറയാനാകും. മൂന്നാം ലോക കേരള സഭാ നടത്തിപ്പിനായി ബജറ്റിൽ നീക്കിവെച്ചിരുന്ന തുകയിൽ മൂന്നിലൊന്നു മാത്രമാണ് ചെലവായത്. ഒന്നാം ലോക സഭയ്ക്ക് ശേഷം നടന്ന രണ്ട് സമ്മേളനങ്ങളിലും ലോക രാജ്യങ്ങളിൽ നിന്നും എത്തിച്ചേരാനുള്ള വിമാന ടിക്കറ്റുകൾ പ്രതിനിധികൾ സ്വയം വഹിച്ചുവരുന്നു.

ജന്മനാടിനെ ഹൃദയത്തിലേറ്റി ലോകമാകമാനം പ്രയാണം തുടരുന്ന പ്രവാസി മലയാളികളെ ചേർത്തുപിടിക്കാൻ രണ്ട് വർഷത്തിലൊരിക്കൾ തുച്ഛമായ തുക ചെലവാക്കുന്ന സർക്കാർ നടപടി എങ്ങിനെയാണ് ധൂർത്താണ് ആവുന്നത്?

അടിസ്ഥാനരഹിതമായ സ്ഥിരം പല്ലവികൾ തന്നെയാണ് ചില മാധ്യമങ്ങളിൽനിന്നും വ്യക്തികളിൽനിന്നും  നാലാം വർഷവും ഉയർന്നുകേൾക്കുന്നത്. അസത്യം നിരന്തരം ആവർത്തിച്ച് സത്യമാണെന്ന പ്രതീതി സൃഷ്ടിക്കുന്നതിനാൽ ലോക കേരള സഭയെക്കുറിച്ചുള്ള ചില വ്യാജപ്രചരണങ്ങൾക്ക് മറുപടി നൽകേണ്ടതുണ്ട്. ലോക കേരള സഭയിലെ അംഗങ്ങൾക്ക് ഭരണഘടനാ അധികാരം ലഭിക്കുന്നു എന്നത് തികച്ചും അടിസ്ഥാന രഹിതമായ ആരോപണം ആണ്.

മറ്റ് സംസ്ഥാനങ്ങളിലും ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള പ്രവാസി കേരളീയരുടെ കൂട്ടായ്മയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും, സംസ്ഥാനത്തിൻറെ സമഗ്ര വികസനത്തിനുമായി പ്രവാസി സമൂഹത്തെ കൂടെക്കൂട്ടുന്നതിനും, ഒപ്പം അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുമായി കേരളത്തിലെ ജനപ്രതിനിധികളോടൊപ്പമുള്ള ഒരു പൊതുവേദിയാണ് ലോക കേരള സഭ.

ലോക കേരള സഭ പ്രവാസികൾക്ക് ഒത്തുചേരാനുള്ള ഒരു സ്ഥിരം വേദി ആണെന്നിരിക്കെ, ലോക കേരള സഭാ അംഗം എന്നത് ഒരു ബഹുമതി പദവി ആണെന്നിരിക്കെ നിയമനിർമാണത്തിന് ലോക കേരള സഭാംഗങ്ങൾക്ക് അധികാരമില്ലെന്നത് ആർക്കും മനസിലാക്കാവുന്ന വസ്തുതയാണ്. നിലവിലുള്ള വ്യവസ്ഥയിൽ പ്രവാസികൾക്ക് വോട്ട് അവകാശം ഇല്ല എന്നാൽ ഇവർക്ക് അനൗപചാരികമായി പങ്കുചേരുവാനുള്ള വിശാല ജനാധിപത്യ സാധ്യതകൾ സംസ്ഥാന സർക്കാർ തേടിയതിന്റെ പരിണിത ഫലമാണ് ലോക കേരള സഭ.

പരിഗണനാവിഷയങ്ങൾ തങ്ങളുടെ അനുഭവസമ്പത്തുകൊണ്ട് ചർച്ച ചെയ്യുന്നത് മുതൽ കേന്ദ്രസംസ്ഥാന സർക്കാരുകൾ പരിഗണിക്കേണ്ട പ്രവാസി വിഷയങ്ങളിൽ വിശദവും പ്രസക്തവുമായ ഉപദേശനിർദേശങ്ങൾ സമർപ്പിക്കാൻ കഴിയുമെന്നതാണ് ലോക കേരള സഭയിലെ അംഗങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതല അഥവാ അധികാരം. അപ്പോഴും നിയമനിർമാണത്തിലടക്കം തീരുമാനമെടുക്കാനുള്ള അധികാരം ജനങ്ങൾ തെരഞ്ഞെടുത്ത സർക്കാരിനും നിയമനിർമാണസഭയ്ക്കും മാത്രമാണ്.

**മൂന്നാം ലോകകേരള സഭയുടെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ**

1. മൂന്നാംലോക കേരളസഭയിൽ ഉയർന്ന നിർദേശങ്ങളിൽ ഒന്നായ കേരളാ മൈഗ്രേഷൻ സർവേ 2023 റിപ്പോർട്ട് ജൂൺ 13ആം തീയതി  പ്രസിദ്ധീകരിക്കും.

2. ലോക മലയാളികൾക്ക് സംവദിക്കാൻ ഒരു ഡിജിറ്റൽ ഇടം എന്ന നിരന്തര നിർദേശം പരിഗണിച്ച് സർക്കാർ 'ലോക കേരളം ഓൺലൈൻ' എന്ന പോർട്ടൽ ജൂൺ 13ന് പ്രവാസി മലയാളികൾക്കായി പ്രകാശനം ചെയ്യും.

3. പ്രവാസി യുവ സംരംഭകർക്ക് കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ പുതിയ സ്റ്റാർട്ടപ്പുകൾ ആരംഭിക്കാനായി സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി എന്ന പദ്ധതി ആരംഭിച്ചു.

4. വിദേശ മലയാളികളെ സംരംഭകത്വത്തിലേക്ക് ആകർഷിക്കുക, ഉയർന്ന സാമ്പത്തിക ശേഷിയുള്ള വിദേശ ഇന്ത്യക്കാരിൽ നിന്നും കേരളാടിസ്ഥാനമായ അടിസ്ഥാനമായ സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപം ലഭ്യമാക്കുക, കേരളാടിസ്ഥാനമായ സ്റ്റാർട്ടപ്പുകൾക്ക് അവരുടെ ബിസിനസ്സ് സംബന്ധമായ ആവശ്യങ്ങൾക്ക് വിദേശ രാജ്യങ്ങൾ സന്ദർശിക്കുമ്പോൾ പ്രവർത്തന സ്ഥലവും ഉപഭോക്താക്കളെ ബന്ധപ്പെടുന്നതിനുള്ള സാകര്യവും ലഭ്യമാക്കുക തുടങ്ങിയ ഉദ്ദേശ്യലക്ഷ്യങ്ങളൊടെ ആരംഭിച്ച പദ്ധതിയുടെ,

ആദ്യഘട്ടമായി ദുബായിൽ കേന്ദ്രം പ്രവർത്തനമാരംഭിച്ചു. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത കേന്ദ്രത്തിൽ 10 സ്റ്റാർട്ടപ്പുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. ബെൽജിയം സർക്കാർ അധീനതയിലുള്ള 'ഹബ്ബ് ബ്രസൽസ്' സൗജന്യമായി നൽകിയ സ്ഥലത്ത് 'സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെന്റർ, ബെൽജിയം' ആരംഭിച്ചിട്ടുണ്ട്. ഓസ്ട്രേലിയയിൽ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെന്റർ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവെച്ച് പ്രാരംഭപ്രവർത്തനങ്ങൾ നടത്തിവരുന്നു.

5. സ്റ്റാർട്ടപ്പ് മിഷന്റെ ഭാഗമായി സഹകരിക്കുന്ന സംരംഭങ്ങളിലേക്ക് പ്രവാസി നിക്ഷേപം കൂടുതലായി ആകർഷിക്കാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി സ്ററാർട്ടപ്പ് ഇൻഫിനിറ്റിക്ക് വേണ്ടി www.startupinfinity.statupmission.in എന്ന വെബ് സൈറ്റ് ലഭ്യമാക്കി.

6. ദുബായിലെ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി കേന്ദ്രത്തോടനുബന്ധിച്ച്, പ്രവാസികളുടെ കുട്ടികൾക്ക് സ്റ്റാർട്ടപ്പ് ഫെല്ലോഷിപ്പ് പരിപാടിയും പരിഗണയിലുണ്ട്. നിലവിലെ സാഹചര്യത്തിൽ ഒരു ഫെലോയ്ക്ക് പ്രതിമാസം 5000 ദിർഹം അതായത് 1,15,000 ത്തോളം രൂപ വെച്ച് അഞ്ചോളം പേർക്ക് നൽകാനാണ് സാധ്യത.

7. കേരളത്തിൻറെ നൈപുണ്യ, തൊഴിൽ വികസന രംഗത്ത് നാഴികക്കല്ലായ നോളജ് എക്കണോമി മിഷൻറെയും സ്റ്റാർട്ടപ്പ് മിഷൻറെയും പ്രവർത്തനങ്ങൾ വ്യക്തമാക്കുന്ന റോഡ്ഷോകളും പരസ്യങ്ങളും വിദേശ രാജ്യങ്ങളിൽ സംഘടപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

8. അമേരിക്കയിലെ ശാസ്ത്ര സാങ്കേതിക രാഷ്ട്രീയ മേഖലകളിലെ നേതൃത്വ രംഗത്തുള്ള മലയാളി വനിതകളുടെ അനുഭവസമ്പത്ത് മെന്ററിങ്ങിലൂടെ നമ്മുടെ നാട്ടിലെ വനിതകൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ ഉപയോഗപ്രദമാക്കാൻ ഒരു ഫോറം ഉണ്ടാക്കുക എന്ന അമേരിക്കൻ മേഖലാ സമ്മേളനത്തിൻറെ നിർദേശത്തിൽ, വനിത ശിശുവികസന വകുപ്പ് ഡയറക്ടർ പ്രവാസികാര്യ വകുപ്പിനോട് കൂടുതൽ വിവരങ്ങൾ തേടിയിട്ടുണ്ട്. ഒപ്പം വനിത ശിശുവികസന വകുപ്പിൻറെ നേതൃത്വത്തിൽ ക്യാമ്പയിനും നൈപുണ്യ- തൊഴിൽ വികസന പ്രവർത്തനങ്ങളുമടക്കമുള്ള വിവിധ പരിപാടികളും നടന്നുവരുന്നു.

9. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കെ.എസ്.ഡി.പി എന്ന മരുന്ന് ഉൽപാദിപ്പിക്കുന്ന കമ്പനിയുടെ സഹായത്തോടെ മിതമായ നിരക്കിൽ മരുന്നുകൾ ആഫ്രിക്കയിൽ ലഭ്യമാക്കുന്നതിനുള്ള നടപടി ആരോഗ്യവകുപ്പ് സ്വീകരിച്ചുവരുന്നു.(മരുന്നുകളുടെ കയറ്റുമതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഒപാക്കോ ട്രെയിഡിംഗ് കമ്പനി ലിമിറ്റഡ് (മെ.ഐഡോപ്പ് മെഡിക്കൽ സൊല്യൂഷൻസ്) എന്ന കമ്പനിയെ (ശ്രീ.സുരേഷ് പോടി) കെ.എസ്.ഡി.പിയുടെ സർവ്വീസ് പ്രൊവൈഡറായി ഒരു വർഷത്തേയ്ക്ക് നിയമിക്കുവാൻ തീരുമാനിച്ചു. ഒപാകോ ട്രെയിഡിംഗ് കമ്പനി ലിമിറ്റഡ് ആവശ്യപ്പെട്ടതു പ്രകാരം ജി.എം. പി സർട്ടിഫിക്കറ്റ്, ബാച്ച് സർട്ടിഫിക്കറ്റ്, സർട്ടിഫിക്കറ്റി ഓഫ് അനാലിസിസ്, സി.ഒ.പി.പി സർട്ടിഫിക്കറ്റ്, കൂടാതെ മരുന്നിന്റെ സാമ്പിൾ എന്നിവ ലഭ്യമാക്കി. രജിസ്ട്രേഷൻ പൂർത്തിയായി ലൈസൻസ് ലഭ്യമാകുന്ന മുറയ്ക്ക് കയറ്റുമതിയുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിക്കും.)